# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/12/ 2019

## നിരോധിത പുകയില ഉത്പന്നവുമായി രണ്ടുപേർ പിടിയിൽ

കൊല്ലം: ഒന്നരലക്ഷത്തോളം രൂപ വില വരുന്ന നിരോധിത പുകയില ഉത്പന്നവുമായി രണ്ടുപേരെ ചാത്തന്നൂർ പോലീസ് പിടികൂടി. കരുനാഗപ്പള്ളി കുലശേഖരപുരം കെ.എസ്.മൻസിലിൽ കബീർ(37), കബീറിന്റെ സഹോദരപുത്രൻ നസീം (23) എന്നിവരെ



യാണ് ചാത്തന്നൂർ പോലീസ് അറസ്റ്റ് ചെയ്തത്. പോലീസിന് കിട്ടിയ വിവരത്തെ തുടർന്ന് വ്യാഴാഴ്ച വൈകിട്ട് അഞ്ചുമണി യോടെ ദേശീയപാതയിൽ ഇത്തിക്കര പാലത്തിനു സമീപത്തു വെച്ച് സാഹസികമായാണ് പിടികൂടിയത്. ്. അമിതവേഗത്തിൽ വന്ന ഡോക്ടറുമാരുടെ സ്റ്റിക്കർ ഒട്ടിച്ചിരുന്ന ആഡംബരക്കാറിനെ കൃത്രിമമായി അപകടമുണ്ടാക്കിയാണ് പിടികൂടിയത്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന പുകയില ഉത്പന്നങ്ങൾ കൊല്ലം, ആലപ്പുഴ ജില്ലകളിൽ പെട്ടികടകൾ ഉൾപ്പടെ ഏജന്റുവഴി വിതരണം നടത്തിവരികയായിരുന്നു പ്രതികൾ. ആഴ്ച്ചയിൽ മിക്ക ദിവസങ്ങളിലും തമിഴ്നാട്ടിൽ നിന്ന് ലക്ഷകണക്കിന് രൂപയുടെ നിരോധിത ഉത്പന്നങ്ങൾ കടത്തികൊണ്ടു വരുന്നു.പിടിക്കുമ്പോൾ ഒന്നരലക്ഷത്തോളം വില വരുന്ന 2100 പായ്ക്കറ്റ് ഉൽപന്നങ്ങൾ ഉണ്ടായിരുന്നു. ചാത്തന്നൂർ ഐ.എസ്.എച്ച്.ഒ പ്രദീപ് കുമാർ വി.എസ്, എസ്.ഐമാരായ സരിൻ, സുരേഷ് ബാബു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.